## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2350** **05.02.2018-ൽ മറുപടിയ്ക്ക്**

### അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | ഉത്തരം<br>ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ) കിൻഫ്ര പാർക്ക് കാക്കഞ്ചേരിയുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ ഒരു അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രക്ക് പദ്ധതിയുണ്ട്. ഇതിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 100000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കിൻഫ്ര ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. |
| ബി) എങ്കിൽ ഇതിലൂടെ എത്രപേർക്ക് തൊഴിലവസരം ലഭിച്ചിട്ടുണ്ട്; | ബി) പദ്ധതിയുടെ രണ്ടാംഘട്ട വികസനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ തൊഴിലവസരം സംബന്ധിച്ച വ്യക്തത വരികയുള്ളൂ. |
| സി) ഔഷധ വ്യവസായങ്ങളെയും പ്ലാസ്റ്റിക് വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയതായി പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ? | സി) ആയുർവേദ മേഖലയുടെ വികസനം ലക്ഷ്യമാക്കി തിരുവനന്തപുരം ജില്ലയിൽ ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിന് കിൻഫ്രക്ക് പദ്ധതിയുണ്ട്. ഈ പദ്ധതി 2 ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരത്തെ തോന്നക്കലിൽ 7.48 ഏക്കർ ഭൂമിയിലും, രണ്ടാംഘട്ടത്തിൽ വർക്കല 63.25 ഏക്കർ ഭൂമിയിലുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ എറണാകുളം ജില്ലയിൽ ഒരു ഫാർമാ പാർക്ക് സ്ഥാപിക്കുവാനും കിൻഫ്രക്ക് പദ്ധതിയുണ്ട്.<br>പരിസ്ഥിതി സൗഹാർദമായ പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങളെ നിലവിലുള്ള വ്യവസായ പാർക്കുകളിൽ പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ് കിൻഫ്ര സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ